പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 777** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വർക്കല മണ്ഡലത്തിൽ അംബേദ്ക്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** വർക്കല മണ്ഡലത്തിൽ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** **1) <u>വട്ടപ്ലാമൂട് അംബേദ്കർ ഗ്രാമം:</u>**

സിവിൽ വർക്കുകൾ അവസാന ഘട്ടത്തിലാണ്. ഭവന പുനരുദ്ധാരണത്തിന്റെ തുക ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിക്കുന്നതിനായി ഒന്നാം ഗഡു ഇനത്തിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

**2) <u>മുനിക്കുന്ന് അംബേദ്കർ ഗ്രാമം</u>**

9 റീടെയിനിംഗ് വാൾ നിർമ്മാണത്തിൽ 3 എണ്ണം പൂർത്തിയായി. കോൺക്രീറ്റ് പാത്ത് വേ നിർമ്മാണം ചെയ്യാനുണ്ട്.

**3)<u>തേരിക്കൽ പാറയിൽ അംബേദ്കർ ഗ്രാമം:</u>**

കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നിവ പൂർത്തിയായി. ഭവന പുനരുദ്ധാരണം അവസാന ഘട്ടത്തിലാണ്. റീടെയിനിംഗ് വാൾ നിർമ്മാണത്തിന് പകരം ഉൾപ്പെടുത്തിയ മിനികുടിവെള്ള പദ്ധതി പ്രാരംഭഘട്ടത്തിലാണ്. കോൺക്രീറ്റ് റോഡ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

**4) <u>വണ്ടിപ്പുര അംബേദ്കർ ഗ്രാമം</u>**

ബിൽ വർക്കുകൾ TS ന് അയച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം ഗുണഭോക്താക്കൾ നേരിട്ട് നിർവഹിക്കുന്നതാണ്.

**5)<u> കടമ്പാട്ട്കോണം കുന്നിക്കോട് നഗർ:</u>**

എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്.

**6) <u>കാരോട്ട്കോണം-മണ്ണടിക്കോണം</u>**

എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി-യിൽ നിന്നും 06.10.2026 ന് ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനു തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** ടി പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളവ എത്രയെണ്ണമുണ്ടെന്ന് വിശദമാക്കുമോ;

**മറുപടി:** വട്ടപ്പാമൂട് അംബേദ്കർ ഗ്രാമം, മുനിക്കുന്ന് അംബേദ്കർ ഗ്രാമം, തേരിക്കൽ പാറയിൽ - അംബേദ്കർ ഗ്രാമം എന്നീ 3 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. വണ്ടിപ്പുര അംബേദ്കർ ഗ്രാമം, കടമ്പാട്ട്കോണം കുന്നിക്കോട് നഗർ, കാരോട്ട്കോണം-മണ്ണടിക്കോണം എന്നീ 3 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

**(സി)** നാവായികുളം,കടമ്പാട്ടുക്കോണം,കുന്നിക്കോട് ഉന്നതികൾക്ക് വകുപ്പുതല ഭരണാനുമതി നല്കുന്നതിന് കാലതാമസമുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

**മറുപടി:** ഏജൻസി ആയി തെരഞ്ഞെടുത്ത എൽ.എസ്.ജി.ഡി യിൽ നിന്നും എസ്റ്റിമേറ്റ് സമയബന്ധിതമായി ലഭ്യമാകാത്തതിനാലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

**(ഡി)** മടവൂർ, കാരോട്ടുക്കോണം, മണ്ണടിക്കോണം ഉന്നതികൾക്ക് വകു ഭരണാനുമതി നല്കുന്നതിന് കാലതാമസമുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

**മറുപടി:** വകുപ്പ് തലത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. ഏജൻസിയായ എൽ എസ് ജി ഡി യിൽ നിന്നും എസ്റ്റിമേറ്റ് സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. നിലവിൽ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ഉടൻ നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**